# File No.LSGD-EU2/438/2018-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - തിരുവനന്തപുരം കോർപ്പറേഷനിൽ സർവ്വേയർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. എസ്. വിജയൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ എ 1943/2018നമ്പർ കേസിലെ 15.10.2018 തീയതിയിലെ അന്തിമ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.94/2022/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 13/01/2022

---

പരാമർശം:-
1. തിരുവനന്തപുരം കോർപ്പറേഷനിൽ സർവ്വേയർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. എസ്. വിജയൻ സമർപ്പിച്ച 26.07.2018 തീയതിയിലെ നിവേദനം (അനക്ഷർ എ14)
2. ശ്രീ. എസ്. വിജയൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒഎ1943/2018നമ്പർ കേസിലെ 15.10.2018തീയതിയിലെ വിധിന്യായം
3. നഗരകാര്യഡയറക്ടറുടെ 18.01.2021 തീയതിയിലെ ഇ4-371/2021 നമ്പർ കത്ത്.

<u>ഉത്തരവ്</u>

തിരുവനന്തപുരം കോർപ്പറേഷനിൽ സർവ്വേയർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 31.10.2008ൽ വിരമിച്ച ശ്രീ. എസ്. വിജയൻ പരാമർശം 1 അപേക്ഷ പ്രകാരം, 1982 ൽ സർവ്വേയർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച് 2008 ൽ വിരമിച്ച തനിക്ക് അർഹമായ പ്രമോഷനുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും അപ്രകാരമുള്ള പെൻഷൻ ആനുകൂല്യങ്ങളും ലഭ്യമാക്കണമെന്നും അപേക്ഷിച്ചിരുന്നു. കൂടാതെ ഇതേ ആവശ്യവുമായി ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒഎ നം.1943/2018നമ്പർ കേസിലെ 15.10.2018തീയതിയിലെ അന്തിമ വിധിന്യായം പ്രകാരം അപേക്ഷകൻ സർക്കാരിൽ നൽകിയ അനക്ഷർ എ14 നിവേദനം, ടിയാനെ നേരിൽ കേട്ട് 3 മാസത്തിനുള്ളിൽ തീർപ്പാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ.എസ്.വിജയനെ 19.12.2018 ൽ തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേട്ടിരുന്നു. നേരിൽ കേട്ട സമയത്തെ ടിയാന്റെ വാദങ്ങൾ പ്രകാരം താൻ 20.12.1982 ൽ തിരുവനന്തപുരം നഗരസഭയിൽ സർവ്വേയർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചതായും എന്നാൽ ഈ തസ്തികയ്ക്കാവശ്യമായ സർവ്വീസ് ചട്ടങ്ങൾ മുനിസിപ്പൽ കോമൺ സർവ്വീസിൽ

ഇല്ലാത്തതിനാൽ 15.05.1982ലെ GO(MS)97/82/LA&SWD-നമ്പർ ഉത്തരവ് പ്രകാരം സർവ്വേ &ലാന്റ് റെക്കോർഡ്സ് വകുപ്പിന്റെ കീഴിൽ ഗ്രേഡ് 1 സർവ്വേയർ, ഹെഡ് സർവ്വേയർ എന്നീ തസ്തികകളുടെ ട്രെയിനിംഗുകൾ പൂർത്തീകരിച്ച് 01.10.1988ൽ വീണ്ടും സർവ്വീസിൽ പ്രവേശിച്ചതായും എന്നാൽ സർവ്വേയർ തസ്തികയിൽ തുടരാനാണ് അനുവദിച്ചതെന്നും അറിയിച്ചിരുന്നു. ഗ്രേഡ് 1 സർവ്വേയർ-ന് തുല്യമായ ജോലിയാണ് നഗരസഭയിൽ ചെയ്തുവന്നിരുന്നതെന്നും എന്നാൽ സർവ്വേ &ലാന്റ് റെക്കോർഡ്സ് വകുപ്പിലെ ഗ്രേഡ് 1 സർവ്വേയർമാരുടെ തുല്യമായ വേതനം കിട്ടുവാൻ അർഹതയുണ്ടായിരുന്നിട്ടും മേൽ വേതന വ്യവസ്ഥ അനുവദിച്ചിട്ടുണ്ടായിരുന്നില്ലായെന്നും ഇക്കാര്യത്തിൽ നൽകിയ നിവേദനങ്ങൾ പരിഗണിച്ചിട്ടില്ലായെന്നും ആയതിനാൽ. 31.10.2008 ൽ വിരമിച്ചിട്ടുള്ള തനിക്ക് അർഹമായ പ്രമോഷനുകൾ ലഭ്യമാക്കി ആയതിന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന് അപേക്ഷിച്ചിരുന്നു.

3. സർക്കാർ മേൽ വിഷയം ശ്രീ.വിജയനെ നേരിൽ കേട്ടതിന്റേയും അനക്ഷർ എ14 നിവേദനത്തിന്റേയും. ബന്ധപ്പെട്ട രേഖകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അതിൻപ്രകാരം തിരുവനന്തപുരം നഗരസഭയിൽ സർവ്വേയർ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ.വിജയൻ.എസ്-ന് അനക്ഷർ എ11 പ്രകാരം അർഹമായ പ്രമോഷൻ നൽകുന്നവിഷയം പരിശോധിയ്ക്കുന്നതിനാവശ്യമായ രേഖകൾ കാലഹരണപ്പെട്ടതിനാൽ നിലവിൽ ലഭ്യമല്ലാത്തതിനാലും 31.10.2008 ൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ള ടിയാൻ നാളിതുവരെ ബന്ധപ്പെട്ട രേഖകൾ സഹിതം അധികാരികൾ മുഖേന ടി വിഷയത്തിൽ നടപടി സ്വീകരിച്ചില്ലായെന്നതിനാലും ശ്രീ.വിജയൻ.എസ്, അർഹമായ പ്രൊമോഷൻ ലഭിച്ചില്ലായെന്നത് സംബന്ധിച്ച് സമർപ്പിച്ച അനക്ഷർ എ14 അപേക്ഷ പരിഗണനാർഹമല്ലാത്തതിനാൽ ആയത് നിരസിച്ച് ഉത്തരവാകുന്നു.

5. മേൽപ്രകാരം ശ്രീ.വിജയൻ.എസ്, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒഎ1943/2018നമ്പർ കേസിലെ 15.10.2018 തീയതിയിലെ വിധിന്യായം നടപ്പിലാക്കിയിരിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളാ, തിരുവനന്തപുരം.( ആമുഖ കത്ത് സഹിതം)
ശ്രീ.വിജയൻ.എസ്, റിട്ട. സർവ്വേയർ, തിരുവനന്തപുരം നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ